• സ്മരണ




# ജോൺസിമാഷ് പകർന്നുതന്ന തിരിച്ചറിവുകൾ

**പി.കെ. ധർമ്മരാജ്**

ജോൺസി മാഷ് ജീവിതത്തിൽ ഇത്രയേറെ സ്വാധീനം ചെലുത്തിയ ഒരു വ്യക്തി എന്നെ സംബന്ധിച്ചിടത്തോളം എന്റെ ജീവിതത്തെ അതിന്റെ ദിശയെ മാറ്റി ശരിയായ ഒരു കാഴ്ചപ്പാട് നൽകിയ വ്യക്തി. ജോൺസി മാഷാണ് 1985 ലെ കോട്ടൻചേരിയിൽ വച്ചു നടത്തിയ ഒരു പരിസ്ഥിതി അവബോധന ക്യാമ്പാണ് ഇത്രയും നാൾ ഞാൻ തുടർന്നു പോന്ന കാഴ്ചപ്പാടുകൾ തിരുത്തുവാൻ എനിക്ക് സാധിച്ചത്.

'കാടു കാണുക, ആഹ്ലാദിക്കുക' ഒരു പിക്നിക് എന്നതിൽ കവിഞ്ഞ് ഒന്നുംതന്നെ ക്യാമ്പിലേക്ക് ആദ്യമായി ഞാൻ കടന്നുചെല്ലുമ്പോൾ എനിക്കുണ്ടായിരുന്നില്ല. ആദ്യദിവസത്തെ ചർച്ചയിൽ ഞാൻ അത് പ്രകടിപ്പിക്കുകയും, പ്രകൃതിയെ വെൻട്രിവനാണഅ മനുഷ്യൻ എന്നെ അഹങ്കാരം ഞാനവിടെ ദ്വനിപ്പിക്കുകയും ചെയ്തു. എന്റെ കുറിപ്രായം മാഷ് ക്ഷമയോടെ കേൾക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ ഈ ക്യാമ്പിനെകുറിച്ച് ഒരു ഡയറി എഴുതണമെന്നും ഏറ്റവും നല്ല ഡയറി എഴുതിയ കുട്ടിക്ക് ഒരു സമ്മാനം നൽകുമെന്നും മാഷ് വ്യക്തമാക്കി സമ്മാനം കിട്ടും എന്നതിനാൽ വളരെ ഉൽസാഹപൂർവ്വം ക്ലാസുകൾ ശ്രദ്ധിക്കുവാനും ഡയറി എഴുതുവാനും തുടങ്ങി. അപ്പോഴാണ് എനിക്ക് മനസ്സിലായത് ഞാൻ ധരിച്ചുവെച്ചിരുന്നത് മുഴുവൻ വിഡ്ഢിത്തമായിരുന്നു എന്ന് പ്രകൃതിയെകുറിച്ചും നാമടക്കമുള്ള ഈ ആവാസവ്യവസ്ഥയെകുറിച്ചുള്ള എന്റെ ധാരണ തെറ്റായിരുന്നു എന്ന്. പ്രകൃതിയാനുസരണ ജീവിതരിരിക്കെ നിലനിൽപ്പുള്ളു എന്ന തിരിച്ചറിവാണ് ആ ക്യാമ്പിന്റെ മൊത്തം അവലോകനം എനിക്ക് കാട്ടിത്തന്നത്. ക്യാമ്പ് തീരുന്ന അന്ന് കാലത്ത് ഡയറി എഴുതി ഞാൻ ജോൺസി മാഷുടെ കൈയിൽ സമർപ്പിച്ചു. ഏറ്റവും നല്ല ഡയറി എഴുതിയ കുട്ടിക്കുള്ള സമ്മാനം അന്ന് എനിക്കാണ് കിട്ടിയത്. മസനോലു ഫുക്കവോക്കയുടെ സി. വി. ഗംഗാധരൻ മാഷ് വിവർത്തനം ചെയ്ത ഒറ്റ വൈക്കോൽ വിപ്ലവം എന്ന പുസ്തകമാണ് അന്ന് എനിക്ക് ജോൺസി മാഷ് തന്ന സമ്മാനം. പ്രകൃതിയെകുറിച്ച് കൂടുതൽ അറിയുവാനും മനുഷ്യൻ ജൈവകൃഷിയിലേക്ക് തിരിയേണ്ട ആവശ്യകതയെകുറിച്ചും ശരിയായ കാഴ്ചപ്പാട് നേടിത്തന്നത് ആ പുസ്തകമാണ്. പുസ്ചതകം കൈയിൽ തന്നുകൊണ്ട് അദ്ദേഹം പറഞ്ഞു. ധർമ്മരാജേ പുസ്തകത്തിൽ നിന്നല്ല നാം പഠിക്കേണ്ടത ഈ പ്രകൃതിയിൽ നിന്നാണ്. പ്രകൃതിയെ നിരീക്ഷിക്കുക, നമ്മുടെ ചുറ്റുപാടുകളെ നിരീക്ഷിക്കുക ഇവിടത്തെ ഓരോ സസ്യജീവജാലങ്ങളേയും നിരീക്ഷിക്കുക അവയുടെ ദിനചര്യകളേയും അവയുടെ ധർമ്മത്തേയും കുറിച്ച് അറിയാൻ ശ്രമിക്കുക. ഒരു ജീവിയേയും പ്രകൃതി അല്ലെങ്കിൽ ദൈവം വെറുതെ സൃഷ്ടിച്ചില്ല എന്ന് നമുക്ക് കാണുവാനാകും. നിരീക്ഷിക്കുക! നമുക്ക് പഠിക്കുവാനുള്ളത് പച്ചയായ ഈ പ്രകൃതിയിൽനിന്നാണ്. പ്രകൃതിയെകുറിച്ചുള്ള ആ നിരീക്ഷണം സ്വന്തം നിലനിൽപ്പിന് മറ്റുള്ളവയുടെ നിലനിൽപ്പുകൂടി അനിവാരര്യമാണ് എന്ന തിരിച്ചറിവാണ് എനിക്ക് നേടിത്തന്നത്.

പ്രകൃതിയെ സ്നേഹിച്ച ആ മനുഷ്യൻ ഏതാനും മനുഷ്യകുഞ്ഞുങ്ങളേയും സാമ്പത്തിക സഹായം നൽകി സ്നേഹിച്ചുവളർത്തി. അവരെല്ലാം പാലുകൊടുത്ത കൈ കൊണ്ടുതന്നെ കൊത്തിയ വിഷപ്പാമ്പുകളാണ് എന്ന് അറിഞ്ഞിട്ടുപോലും അദ്ദേഹം അവരോട് ഒരു പരിഭവവും പ്രകടിപ്പിച്ചിരുന്നില്ല. അദ്ദേഹം ഏറെ സ്നേഹിച്ചിരുന്ന പേരക്കുട്ടി അപ്പുപ്പനെ ഒരു നോക്കു കാണാൻ അവസാന നാളുകളിൽ അതിയായി ആഗ്രഹിച്ചിരുന്നു. ആ ആഗ്രമം നിറവേറാതെ അദ്ദേഹത്തിന് യാത്രയാവേണ്ടിവന്നു.

അദ്ദേഹത്തിന്റെ അവസാനനാളുകളിൽ മരണപത്രത്തിൽനിന്ന് രക്ഷപ്പെട്ട് കത്തിക്കരിഞ്ഞ മുടിയോടുകൂടിയ മകളുമായി കയറിവന്ന അമ്മയും മകൾക്കും അദ്ദേഹം അഭയം കൊടുത്തു. സ്വന്തം കാലിൽ നിൽക്കാൻ കഴിഞ്ഞപ്പോൾ അദ്ദേഹത്തെ അവർ കുപ്പത്തൊട്ടിയിലേക്കെന്നപോലെ വലിച്ചറിഞ്ഞാണ് അവിടെനിന്ന് പോയി. ജോൺസി സാമ്പത്തികമായി സഹായിച്ചവരെല്ലാം ദ്രോഹിച്ചിട്ടേയുള്ളു എന്ന് പറഞ്ഞുകൊണ്ട് ഞാൻ വിലപിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. ഞാൻ ഇവിടെ കിടന്നുകൊണ്ട് ജീവിതം ആസ്വദിക്കുകയാണ്. അവർ കരുതുന്ന എന്നെ പറ്റിച്ചെന്ന്. എന്നാൽ അവരെയോർത്ത് എനിക്ക് സഹതാപമേയുള്ളു. അവർക്ക് ഏറെ നഷ്ടപ്പെടുവാനുണ്ട്, എനിക്ക് ഒന്നുംതന്നെ നഷ്ടപ്പെടുവാനില്ലല്ലോ!

*നിലനിൽപ്പ്, കൊടുങ്ങല്ലൂർ, തൃശൂർ.*